روضة الخطباء
روضة الخطباء
# റൗദതുൽ ഖുതബാഅ്, ഖുതുബ നോട്ട്
## നിങ്ങളിൽ ആരാണ് മുഹമ്മദ് (സ്വ)?
25/11/2022
sufaraulislam.com

بسم الله الرحمن الرحيم

- മുഹമ്മദ് നബി (ﷺ) യുടെ ജീവിതവും പ്രബോധനവും സ്വഭാവവും ചരിത്രവുമെല്ലാം നമുക്കുള്ള ജീവിത പാഠങ്ങളാണ്.
- മുഹമ്മദ് നബി (ﷺ) യുടെ ജീവിതത്തിൽ ഏത് മേഖലയെടുത്ത് പരിശോധിച്ചാലും അത്യുത്തമമായ മഹനീയ മാതൃക കാണാവുന്നതാണ്.
- മനുഷ്യരുടെ കൂട്ടത്തിലെ ഏറ്റവും പരുക്കന്മാരായ ആളുകൾ വന്ന പല കാര്യങ്ങളും നബി (ﷺ) യോട് പറയും.
- അതൊന്നും നബി (ﷺ)നിരാശപ്പെടുത്തിയിട്ടില്ല. ക്ഷമയോടെ എല്ലാം കേൾക്കാനും അവർക്ക് ഉത്തരം പറയാനും അദ്ദേഹത്തിന് കഴിഞ്ഞിരുന്നു.
- അവരെല്ലാം വിശ്വാസം സ്വീകരിക്കണം എന്ന ആഗ്രഹമായിരുന്നു അദ്ദേഹത്തിന്.
- എന്നാൽ സ്വഹാബികളോട് അധികരിച്ച ചോദ്യങ്ങൾ വിലക്കിയിരുന്നു.
- എന്നാൽ ഗ്രാമീണരായ ആളുകൾക്ക് ആ വിലക്ക് ഉണ്ടായിരുന്നില്ല.

**അനസ് (റ) ഇതിനെക്കുറിച്ച് പറയുന്നു;**

أَنَسِ بْنِ مالِكٍ قالَ: كُنّا نُهِينا أنْ نَسْأَلَ رَسُولَ اللَّهِ ﷺ عَنْ شَيْءٍ، فَكانَ يُعْجِبُنا أنْ يَجِيءَ الرَّجُلُ مِن أهْلِ البادِيَةِ العاقِلُ فَيَسْأَلُهُ ونَحْنُ نَسْمَعُ،

അധികരിച്ച ചോദ്യങ്ങൾക്ക് ഞങ്ങൾക്ക് വിലക്കുണ്ടായിരുന്നു. എന്നാൽ ഗ്രാമീണരായ ആളുകൾ വന്നു നബി (ﷺ)ചോദിക്കുമ്പോൾ ഞങ്ങൾ അത് ശ്രദ്ധിച്ചു കേൾക്കും. നബി (ﷺ)അവർക്ക് കൊടുക്കുന്ന മറുപടികൾ ഞങ്ങൾ പഠിക്കുകയും ചെയ്യും.

- ബുദ്ധിമാനായ ഒരു ഗ്രാമീണനായ വ്യക്തി വന്നു നബി (ﷺ)യോട് ചോദിച്ച ചില ചോദ്യങ്ങളാണ് ഇന്നത്തെ ഖുത്തുബ.
- ബുഖാരിയും മുസ്ലിം ഉദ്ധരിച്ച ഹദീസ്.

أنس بن مالك رضي الله عنه قال : بَيْنَمَا نَحْنُ جُلُوسٌ مَعَ النَّبِيِّ فِي المَسْجِدِ، دَخَلَ رَجُلٌ عَلَى جَمَلٍ، فَأَنَاخَهُ فِي المَسْجِدِ ثُمَّ عَقَلَهُ ، ثُمَّ قَالَ: أَيُّكُمْ مُحَمَّدٌ؟ فَقُلْنَا : هَذَا الرَّجُلُ الأَبْيَضُ المُتَّكِئُ .

നബി (ﷺ) ഞങ്ങളുടെ കൂടെ പള്ളിയിൽ ഇരിക്കുകയാണ്. അപ്പോൾ ഒരു മനുഷ്യൻ വന്നു അദ്ദേഹം ചോദിച്ചു. ആരാണ് നിങ്ങളിൽ മുഹമ്മദ്?

ചാരിയിരിക്കുന്ന നബി (ﷺ) യെ അവർ ചൂണ്ടി കാണിച്ചു കൊടുത്തു.

ആ മനുഷ്യൻ നബി (സ്വ) യോട് പറഞ്ഞു;

فَقَالَ لَهُ الرَّجُلُ : يَا ابْنَ عَبْدِ المُطَّلِبِ فَقَالَ لَهُ النَّبِيُّ : « قَدْ أَجَبْتُكَ » .

**അദ്ദേഹം പറഞ്ഞു;**

فَقَالَ الرَّجُلُ: إِنِّي سَائِلُكَ فَمُشَدِّدٌ عَلَيْكَ فِي المَسْأَلَةِ ، فَلاَ تَجِدْ عَلَيَّ فِي نَفْسِكَ

ഞാൻ കഠിനമായിട്ടായിരിക്കും ചോദിക്കുന്നത് അത് താങ്കൾക്ക് പ്രയാസം ഉണ്ടാക്കരുത്.

**നബി (ﷺ) പറഞ്ഞു:**

فَقَالَ :«سَلْ عَمَّا بَدَا لَكَ» ،

താങ്കൾക്ക് അറിയാനുള്ളതെല്ലാം ചോദിച്ചോളൂ.

**അദ്ദേഹത്തിന്റെ ചോദ്യങ്ങൾ**

فَقَالَ : أَسْأَلُكَ بِرَبِّكَ وَرَبِّ مَنْ قَبْلَكَ ، آللَّهُ أَرْسَلَكَ إِلَى النَّاسِ كُلِّهِمْ ؟ فَقَالَ «اللَّهُمَّ نَعَمْ» . قَالَ : أَنْشُدُكَ بِاللَّهِ ،

അല്ലാഹുവാണോ താങ്കളെ ജനങ്ങളിലേക്ക് പ്രബോധകനായി നിയോഗിച്ചത്.?

നബി (ﷺ) പറഞ്ഞു; അതെ.

آللَّهُ أَمَرَكَ أَنْ نُصَلِّيَ الصَّلَوَاتِ الخَمْسَ فِي اليَوْمِ وَاللَّيْلَةِ ؟ قَالَ : «اللَّهُمَّ نَعَمْ» . قَالَ : أَنْشُدُكَ بِاللَّهِ

അല്ലാഹുവാണോ രാത്രിയും പകലിലുമായി അഞ്ചു നേരത്തെ നമസ്കാരം കൽപ്പിച്ചത്?

നബി (ﷺ) പറഞ്ഞു; അതെ.

آللَّهُ أَمَرَكَ أَنْ نَصُومَ هَذَا الشَّهْرَ مِنَ السَّنَةِ ؟ قَالَ : « اللَّهُمَّ نَعَمْ » . قَالَ : أَنْشُدُكَ بِاللَّهِ ،

അല്ലാഹുവാണ് ഒരു വർഷത്തിലെ ഒരു മാസക്കാലം നോമ്പ് നോൽക്കാൻ കൽപ്പിച്ചത്?

നബി (ﷺ) പറഞ്ഞു; അതെ.

آللَّهُ أَمَرَكَ أَنْ تَأْخُذَ هَذِهِ الصَّدَقَةَ مِنْ أَغْنِيَائِنَا فَتَقْسِمَهَا عَلَى فُقَرَائِنَا ؟ فَقَالَ النَّبِيُّ : «اللَّهُمَّ نَعَمْ »

അല്ലാഹുവാണോ ധനികരിൽ നിന്നും സകാത്ത് സ്വീകരിക്കാനും പാവപ്പെട്ടവരിലേക്ക് വിതരണം ചെയ്യാനും കൽപ്പിച്ചത്.

നബി (ﷺ) പറഞ്ഞു; അതെ.

**അപ്പോൾ ആ അഅ്റാബി പറഞ്ഞു;**

فَقَالَ الرَّجُلُ: آمَنْتُ بِمَا جِئْتَ بِهِ، وَأَنَا رَسُولُ مَنْ وَرَائِي مِنْ قَوْمِي،

وَأَنَا ضِمَامُ بْنُ ثَعْلَبَةَ، ثم قال: وَالّذِي بَعَثَكَ بِالْحَقِّ ، لَا أَزِيدُ عَلَيْهِنّ، وَلَا أَنْقُصُ مِنْهُنّ، فَقَالَ النّبِيُّ : «لَئِنْ صَدَقَ لَيَدْخُلَنّ الْجَنّةَ

ഞാൻ താങ്കളെ അംഗീകരിക്കുന്നു. ഞാൻ എന്റെ സമൂഹത്തിലേക്കുള്ള ഒരു പ്രബോധക നായിരിക്കും. (ഈ കാര്യങ്ങളെല്ലാം അവരെ പഠിപ്പിക്കും) എന്റെ പേര് ദ്വിമാമു ബ്നു സഅ് ലബ എന്നാണ്. പിന്നീട് അദ്ദേഹം പറഞ്ഞു: സത്യവുമായി താങ്കളെ നിയോഗിച്ച റബ്ബ് തന്നെയാണ് സത്യം. ഈ പറഞ്ഞതിൽ കൂടുതലൊന്നും ഞാൻ ചെയ്യില്ല. ആ സന്ദർഭത്തിൽ നബി (സ്വ) പറഞ്ഞു; അയാൾ പറഞ്ഞത് സത്യമാണെങ്കിൽ അയാൾ സ്വർഗത്തിൽ പ്രവേശിക്കും.

**ഈ ഹദീസ് നമ്മെ പഠിപ്പിക്കുന്ന ചില പാഠങ്ങളുണ്ട്.**

1. **മുഹമ്മദ് നബി (സ്വ) പെരുമാറ്റവും സ്വഭാവവും**

- നബി (സ്വ) ഏറ്റവും ഉയർന്ന വ്യക്തി എല്ലാ മേഖലകളിലും. എന്നിട്ടും സ്വഹാബി കളുടെ കൂടെ ഇരിക്കുമ്പോൾ അദ്ദേഹത്തെ തിരിച്ചറിയാൻ സാധിച്ചിരുന്നില്ല.
- പ്രത്യേക വസ്ത്രം, പ്രത്യേക ഇരിപ്പിടം ഇല്ല. എവിടെയാണോ സീറ്റ് കിട്ടുന്നത് അവിടെ ഇരിക്കും.
- പേരു വിളിച്ചാൽ അദ്ദേഹത്തിന് ദേശ്യം വരില്ല.

മഹത്വമുള്ള മനസ്സിന് നല്ല വിശാലതയുള്ള വ്യക്തികളെ തിരിച്ചറിയാൻ പേരിന്റെയോ പ്രത്യേക വസ്ത്രത്തിന്റെയോ ഒന്നും ആവശ്യമില്ല.

**എന്നാൽ ഇന്നത്തെ അവസ്ഥ എന്താണ്?**

❖ **ഒരു സംഭവം**

مَرّ رَجُلٌ عَلَى رَسُولِ اللهِ فَقَالَ: مَا تَقُولُونَ فِي هَذَا؟ قَالُوا: حَرِيٌّ إِنْ خَطَبَ أَنْ يُنْكَحَ، وَإِنْ شَفَعَ أَنْ يُشَفّعَ، وَإِنْ قَالَ أَنْ يُسْتَمَعَ، ثُمّ سَكَتَ، فَمَرّ رَجُلٌ مِنَ فُقَرَاءِ الْمُسْلِمِينَ، فَقَالَ: مَا تَقُولُونَ فِي هَذَا؟ قَالُوا: حَرِيٌّ إِنْ خَطَبَ أَنْ لَا يُنْكَحَ ، وَإِنْ شَفَعَ أَلّا يُشَفّعَ، وَإِنْ قَالَ أَنْ لَا يُسْتَمَعَ لَهُ. فَقَالَ عَلَيْهِ الصّلَاةُ وَالسّلَامُ : هَذَا خَيْرٌ مِنْ مِلْءِ الْأَرْضِ مِنْ هَذَا " أخرجه الْبُخَارِيُّ.

2. **അദ്ദേഹം പറഞ്ഞത് കഠിനമായ ചോദ്യം ചോദിക്കും.**

قَالَ ضِمامُ لِلنّبِيّ صلى الله عليه وسلم : إِنّي سَائِلُكَ فَمُشَدِّدٌ عَلَيْكَ فِي المَسْأَلَةِ، فَلاَ تَجِدْ عَلَيّ فِي نَفْسِكَ ؟ فَقَالَ : «سَلْ عَمّا بَدَا لَكَ. ..

- നബി (സ്വ) യുടെ മറുപടിയിൽ നമുക്ക് വലിയ പാഠമുണ്ട്.

- പ്രക്ടിക്കലായി നബി (സ) ഒരു കാര്യം കാണിച്ച് കൊടുക്കയാണ്.
- ഒരാൾ ചോദ്യം ചോദിക്കുമ്പോൾ എത്ര മാത്രം താഴ്മയോടും വിനയത്തോടുമാണ് മറുപടി നൽകുന്നത്.
- അവിവേകം പാടില്ല.
- അശജ്ജ് ഇബ്നു അബ്ദുൽ ഖൈസിന്റെ സംഭവം.

قال النبي ـ صلى الله عليه وسلم لأَشَجِّ عَبْدِ الْقَيْسِ : إِنَّ فِيكَ خَصْلَتَيْنِ يُحِبُّهُمَا اللهُ : الْحِلْمُ ، وَالْأَنَاةُ "

قالَ: يا رَسُولَ اللَّهِ أنا أَتَخَلَّقُ بِهِما أمُ اللَّهُ جَبَلَنِي عَلَيْهِما؟ قالَ: «بَلِ اللَّهُ جَبَلَكَ عَلَيْهِما» قالَ: الحَمْدُ لِلَّهِ الَّذِي جَبَلَنِي عَلى خَلَّتَيْنِ يُحِبُّهُما اللَّهُ ورَسُولُهُ

ഈ സ്വഭാവങ്ങളെല്ലാം ഞാൻ തന്നെ പരിപോഷിപ്പിച്ച് എടുക്കുന്നതാണോ. നബി (സ) അല്ലാഹു നൽകിയതാണ്. അല്ലാഹുവും റസൂലും ഇഷ്ടപ്പെടുന്ന രണ്ട് സ്വഭാവങ്ങൾ എനിക്ക് നൽകിയ അല്ലാഹുവിനാണ് സർവ്വ സ്തുതിയും.

**3. ദ്വിമാമിന്റെ അവസാന വാചകം.**

« آمَنْتُ بِمَا جِئْتَ بِهِ ، وَأَنَا رَسُولُ مَنْ وَرَائِي مِنْ قَوْمِي،

- അദ്ദേഹം ഒരു പ്രബോധകനായി മാറുകയാണ്.
- കൂടുതൽ പഠിക്കാൻ പോയിട്ടില്ല. പക്ഷെ ഇസ്ലാമിന്റെ അടിസ്ഥാനങ്ങളാണ് അദ്ദേഹം ചോദിച്ച് മനസ്സിലാക്കിയിട്ടുണ്ട്.
- ഒരുപാട് കാലം പഠിക്കുക, ധാരാളം സർട്ടിഫിക്കറ്റ് നേടുക, വലിയ സ്ഥാനങ്ങൾ നേടുക എന്നതൊന്നുമല്ല ഒരു പ്രബോധകനാവുക അദ്ധ്യാപകനാവുക എന്നതിന്റെ രഹസ്യം.

والله لَا أَزِيدُ عَلَيْهِنَّ، وَلَا أَنْقُصُ مِنْهُنَّ ، فَقَالَ النَّبِيُّ : لَئِنْ صَدَقَ لَيَدْخُلَنَّ الْجَنَّةَ.

- മറിച്ച് സത്യസന്ധനാവുക,
- പഠനത്തിലും പ്രബോധനത്തിലും സത്യസന്ധനാവുക. അത് ദുനിയാവിന് വേണ്ടി ആവരുത്. സ്വർഗത്തിന് വേണ്ടി ആവണം.
- എല്ലാ കർമ്മത്തിനും സത്യസന്ധമായി സമീപിക്കണം.
- അപ്പോൾ നമുക്ക് സ്വർഗത്തിലേക്ക് എത്താനാവും.

✓ **നമസ്കാരത്തിലെ സത്യസന്ധത**

صدقُ في إقامة الصلاة : صَلُّوا كَمَا رَأَيْتُمُونِي أُصَلِّي.

✓ **സകാത്തിലെ സത്യസന്ധത**

صدق في أداء الزكاة طيبة بها النفس : تُؤْخَذُ مِنْ أَغْنِيَائِهِمْ فَتُرَدُّ فِي فُقَرَائِهِمْ

✓ **നോമ്പിലെ സത്യസന്ധത**

مَنْ لَمْ يَدَعْ قَوْلَ الزُّورِ وَالعَمَلَ بِهِ ، فَلَيْسَ لِلَّهِ حَاجَةٌ فِي أَنْ يَدَعَ طَعَامَهُ وَشَرَابَهُ.

✓ **ഹജ്ജിലെ സത്യസന്ധത**

صدقٌ في الحج : الْحَجُّ الْمَبْرُورُ لَيْسَ لَهُ جَزَاءٌ إِلَّا الْجَنَّةُ.

✓ **അദ്ദേഹത്തോട് നബി (സ്വ) പറഞ്ഞത്**

«لَئِنْ صَدَقَ لَيَدْخُلَنَّ الْجَنَّةَ» ،

✓ **നമ്മൾ സത്യവാന്മാരാവുക.**

يَا أَيُّهَا الَّذِينَ آمَنُوا اتَّقُوا اللَّهَ وَكُونُوا مَعَ الصَّادِقِينَ.

**എങ്കിൽ പരലോകത്ത് നമുക്കും വിജയിക്കാൻ സാധിക്കും.**

---

- **ഖുത്ത്ബ നോട്ടുകൾ ലഭിക്കാൻ (+൯൬൬൭൦൩൯൨൨൩൮൦) ഈ നമ്പറിൽ ബന്ധപ്പെടുക.**
- **ഖുത്ത്ബ ഗ്രൂപ്പിൽ ചേരാൻ ഈ ലിങ്ക് ഉപയോഗിക്കുക:**

https://chat.whatsapp.com/KRPAkhbXmwCAn5sHVJSfVA

**ഇതു വരെയുള്ള എല്ലാ ഖുത്ത്ബകളും ലഭിക്കാൻ വെബ്സൈറ്റ് സന്ദർശിക്കുക.**